## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1180** **30.01.2018-ൽ മറുപടിക്ക്**

## ദുർബലാവസ്ഥയിലുള്ള പാലങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.മുരളീധരൻ**<br>**ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ പാലങ്ങളുടെ ഉറപ്പ് പരിശോധിച്ച് പൊതുമരാമത്ത് വകുപ്പ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; | (എ) റിപ്പോർട്ട് നൽകിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ ഭൂരിപക്ഷം പാലങ്ങളും ദുർബല സ്ഥിതിയിലാണെന്നും ബലപ്പെടുത്തലുകളും പുനർനിർമ്മാണവും അനിവാര്യമാണെന്നും കണ്ടെത്തിയിട്ടുണ്ടോ; | (ബി) സംസ്ഥാനത്ത് ഭൂരിപക്ഷം പാലങ്ങളും ദുർബല സ്ഥിതിയിലല്ല. എന്നാൽ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലുള്ള പരിശോധന നടത്തിയ 2445 പാലങ്ങളിൽ 370 പാലങ്ങൾ പുനർനിർമ്മിക്കേണ്ടതോ/ പുനരുദ്ധീകരണം/ഹെവിമെയിന്റനൻസോ നടത്തേണ്ടതുണ്ടെന്നും, 1472 പാലങ്ങൾക്ക് സാധാരണ അറ്റകുറ്റപ്പണികളും ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്. ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ ചെറുതും വലുതുമായ പാലങ്ങളും ഫ്ളൈഓവറുകളും ഉൾപ്പെടെ 499 എണ്ണമാണ് ഉള്ളത്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ഉത്തരവ് അനുസരിച്ച് M/s TPF Engineering Pvt. Ltd (formerly known as SN BHOBE Associates Pvt. Ltd) എന്ന കമ്പനി പഠനം നടത്തുകയും ഇതിൽ 14 എണ്ണത്തിന് അറ്റകുറ്റപണികൾ നടത്തേണ്ടതുണ്ടെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പാലങ്ങൾ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് അറ്റകുറ്റപണികൾ നടത്തുവാൻ കഴിയും. |
| (സി) വാഹനത്തിരക്കും, ചരക്ക് നീക്കവും അതിവേഗം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ദുർബലാവസ്ഥയിലുള്ള പാലങ്ങൾ മൂലം വൻ വിപത്തുകൾ ഉണ്ടാകാതിരിക്കുവാൻ എന്ത് അടിയന്തര നടപടി സ്വീകരിയ്ക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) വാഹനത്തിരക്കും, ചരക്ക് നീക്കവും അതിവേഗം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ ദുർബലാവസ്ഥയിലുള്ള പാലങ്ങൾ മൂലം വൻ വിപത്തുകൾ ഉണ്ടാകാതിരിക്കുവാൻ പുനർനിർമ്മാണം ആവശ്യമാണെന്ന കണ്ടെത്തിയിട്ടുള്ള 162 പാലങ്ങൾ അടിയന്തിരമായി പുനർ |

നിർമ്മിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമയി പുനർനിർമ്മിക്കേണ്ടതും പുനരുദ്ധാരണം ആവശ്യമുള്ളതുമായ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ/ വിശദമായ പരിശോധന എന്നിവ നടത്തി ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) നിർമ്മാണ പിഴവ്, കാലാകാലങ്ങളിലെ പരിശോധന കുറവ്, അഴിമതി എന്നിവ പാലങ്ങളുടെ ബലക്ഷയത്തിന് കാരണമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) 162 പാലങ്ങളുടെ ബലക്ഷയത്തിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടില്ല. അനിയന്ത്രിതമായ മണലെടുപ്പുമൂലം പുഴയുടെ അടിത്തട്ട് താഴുന്നത്, നിർമ്മാണ പിഴവ്, കാലാകാലങ്ങളിലെ പരിശോധന കുറവ്, അറ്റകുറ്റപണികൾ സമയത്ത് നടപ്പാക്കാത്തത് എന്നിവ പാലങ്ങളുടെ ബലക്ഷയത്തിനു കാരണമാകാറുണ്ട്.

(ഇ) പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിയന്തര തുടർനടപടികൾ സ്വീകരിക്കുമോ; ഇതിനായുള്ള തുക ബജറ്റിൽ ഉൾക്കൊള്ളിക്കുവാൻ ആവശ്യപ്പെടുമോ?

(ഇ) പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ അടിയന്തിര തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ഏകദേശം 4000 കോടി രൂപയുടെ ചിലവ് പ്രതീക്ഷിക്കുന്നു. 6 പാലങ്ങളുടെ പുനർനിർമ്മാണത്തിനുള്ള ഭരണാനുമതി നൽകി. 12 പാലങ്ങളുടെ പുനർനിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്യാൻ തീരുമാനിച്ചു. 300 പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കഴിഞ്ഞു.

S. Bindu

സെക്ഷൻ ഓഫീസർ